പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2902

15.12.2015 ൽ മറുപടിക്ക്

## ഏരിയാ ഇന്റൻസീവ് പദ്ധതിയിൽപ്പെട്ട സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ഏരിയാ ഇന്റൻസീവ് പദ്ധതിയിൽപ്പെട്ട എത്ര സ്കൂളുകളാണ് ഇപ്പോൾ പ്രവർത്തിച്ച് വരുന്നത്; | (എ) അഞ്ച് ജില്ലകളിലായി ഏരിയ ഇന്റൻസീവ് പദ്ധതിയിൽപ്പെട്ട 28 സ്കൂളുകളാണ് ഇപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നത്. കൂടാതെ 5 ഹയർ സെക്കൻഡറി സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുസ്ലീം ഓർഫനേജിന് കീഴിൽ പ്രസ്തുത പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന എൽ.പി. സ്കൂൾ സർക്കാരിന്റെ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കാരണത്താലാണെന്ന് വിശദമാക്കാമോ; | (ബി) കൊടുവള്ളി മുസ്ലീം ഓർഫനേജിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ഏരിയ ഇന്റൻസീവ് പദ്ധതിയിൽ സർക്കാരിന്റെ ധനസഹായ പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അംഗീകരിച്ച 238 അദ്ധ്യാപകരിൽ ഉൾപ്പെട്ടിരുന്ന ജെ.എം.ഒ സെൻട്രൽ എൽ.പി.സ്കൂളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസലോ, തസ്തിക നിർണ്ണയം നടത്തുന്നതിന്റെ അപേക്ഷയോ മാനേജ്മെന്റ് യഥാസമയം സമർപ്പിച്ചിരുന്നില്ല. അതിനാൽ പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുന്നില്ല. |
| (സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതിക്കായി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; | (സി) ഏരിയ ഇന്റൻസീവ് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം അനുവദിച്ച സ്കൂളുകൾക്ക് ഇപ്പോൾ സർക്കാർ എയ്ഡഡ് പദവി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. |
| (ഡി) ഇതുമായി ബന്ധപ്പെട്ട 62924/D2/2008/G.E നമ്പർ ഫയലിലെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ? | (ഡി) 62924/D2/2008/G.E നമ്പർ ഫയൽ നശിപ്പിച്ചു കളഞ്ഞതായി പൊതു ഭരണ (റിക്കാർഡ്സ്) വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഏരിയാ ഇന്റൻസീവ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത് 56249/ഡി1/13/പൊ.വി.വ നമ്പർ ഫയലിലാണ്. പ്രസ്തുത ഫയൽ മുൻ സർക്കാർ കൈക്കൊണ്ട തീരുമാനമായതിനാൽ പുതിയ മന്ത്രിസഭ അധികാരമേറ്റ സാഹചര്യത്തിൽ ഫയൽ തീരുമാനത്തിനായി പുന: സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ